പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2537

12/06/2018 - ൽ മറുപടിക്ക്

# വിലക്കയറ്റം തടയാൻ സഹകരണ സ്ഥാപനങ്ങളുടെ ഇടപെടൽ

ചോദ്യം

ശ്രീ.യു. ആർ. പ്രദീപ്

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി എന്തെല്ലാം ഇടപെടലുകളാണ് സഹകരണ സ്ഥാപനങ്ങൾ മുഖേന നടത്തിയിട്ടുള്ളത്; | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി റംസാൻ, ഓണം, ക്രിസ്തുമസ്, പുതുവത്സരം എന്നീ ഉത്സവകാലങ്ങളിൽ സർക്കാർ സബ്സിഡിയോടു കൂടി നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തിയിട്ടുണ്ട്. ഇതിനു പുറമേ അരിവില നിയന്ത്രണാതീതമായി കുതിച്ചുയർന്ന സമയത്ത് പശ്ചിമബംഗാളിൽ നിന്നും അരി ഇറക്കുമതി ചെയ്ത് 680 'അരിക്കടകൾ' ആരംഭിച്ച് സുവർണ്ണമസൂരി എന്ന ഉൽപ്പന്ന നാമമുള്ള അരി കിലോയ്ക്ക് 25/- രൂപ നിരക്കിൽ വിൽപ്പന നടത്തിയിരുന്നു. വിലക്കയറ്റം തടയുന്നതിനായി കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന 196 ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും 12 ഇ-ത്രിവേണി സ്റ്റോറുകളിലൂടെയും 59 മൊബൈൽ ത്രിവേണികളിലൂടെയും പ്രാഥമിക സഹകരണ സംഘങ്ങളുടെ കീഴിൽ നടത്തിവരുന്ന നീതി സ്റ്റോറുകളിലൂടെയും നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയെക്കാളും കുറഞ്ഞ നിരക്കിൽ വിൽപ്പന നടത്തിവരുന്നു. സഹകരണ സ്ഥാപനങ്ങളിലൂടെ ഇത്തരത്തിൽ നടന്നുവരുന്ന വിപണിയിലെ ഇടപെടലുകൾ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സഹായകമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഉത്സവകാലങ്ങളിലെ വിലക്കയറ്റം തടയുന്നതിനായി കഴിഞ്ഞ രണ്ട് വർഷങ്ങളിൽ പ്രസ്തുത സ്ഥാപനങ്ങൾ മുഖേന സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നുവെന്ന വിശദാംശം വ്യക്തമാക്കുമോ; | ബി) | ഉത്സവ കാലങ്ങളിലെ വിലക്കയറ്റം തടയുന്നതിനായി 2016, 2017 വർഷങ്ങളിൽ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഉത്സവചന്തകൾ നടത്തിയിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു. |

| 2016 | കാലയളവ് | ചന്തകളുടെ എണ്ണം | ആകെ വിൽപ്പന | സബ്സിഡി |
|---|---|---|---|---|
| റംസാൻ | 10 ദിവസം | 1930 | 15.59 കോടി | 6.02 കോടി |
| ഓണം | 10 ദിവസം | 2012 | 40.53 കോടി | 13.75 കോടി |
| ക്രിസ്തുമസ് | 5 ദിവസം | 5 ജില്ലാ കേന്ദ്രങ്ങൾ | 8.91 ലക്ഷം | 3.16 ലക്ഷം |
| 2017 | | | | |
| ഓണം | 10 ദിവസം | 3577 | 80.27 കോടി | 34.62 കോടി |
| ക്രിസ്തുമസ് -പുതുവത്സരം | 13 ദിവസം | 2060 | 60.20 കോടി (നോൺ സബ്സിഡി ഉൾപ്പെടെ) | 35.04 കോടി |

| | | | |
|---|---|---|---|
| സി) | വരുന്ന ഓണക്കാലത്ത് ഉണ്ടാകാനിടയുള്ള വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സഹകരണ സ്ഥാപനങ്ങൾ മുഖേന സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | സി) | കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ത്രിവേണികൾ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയിലൂടെ 3500 ഓണവിപണികൾ 10 ദിവസം നടത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 13 ഇനം നിത്യോപയോഗ സാധനങ്ങൾക്ക് പുറമെ പായസ കിറ്റുകളും വിപണി മുഖേന വിൽപ്പന നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ